# അഭിമുഖം:

*മലയാള മനോരമയിൽ ഒരു പ്രതിഷേധം രേഖപ്പെടുത്തിയതു വായിച്ചു. ജന്മനാട് വിദേശ മലയാളി എഴുത്തുകാരെ അവഗണിക്കുന്നു. എന്താണ് അങ്ങനെ ഒരഭിപ്രായമുണ്ടായത്?* ആദിമകാലത്ത് ഭാരതത്തിലെ സർഗ്ഗധനരായ എഴുത്തുകാരെപ്പറ്റി അറിഞ്ഞിരുന്നത് സാഹിത്യശാസ്ത്രകാരന്മാർ എന്നായിരുന്നു. ഇന്നും ഈ സൗന്ദര്യകലയിൽ ഒരു കൂട്ടരെ കൂടി ഉൾപ്പെടുത്തണം. രാഷ്ട്രീയം, ശാസ്ത്രസാഹിത്യ രാഷ്ട്രീയക്കാർ. ഇൻഡ്യക്കു സ്വാതന്ത്ര്യം കിട്ടിയ നാൾമുതൽ രാഷ്ട്രീയമാണ് ഭരണം നടത്തുന്നത്. സാഹിത്യവും ഈ സ്വാർത്ഥതാൽപ്പര്യക്കാരുടെ സങ്കുചിത ചിന്താഗതികൾക്കൊപ്പമാണ് സഞ്ചരിക്കുന്നത്. കഴിഞ്ഞ 50, 60 വർഷങ്ങളായി വിദേശമലയാളി എഴുത്തുകാർ മലയാളഭാഷയിൽ അടിമത്തം അനുഭവിക്കുന്നവരാണ്, വെറും അടിമകൾ. അവർക്കും സ്വാതന്ത്ര്യം വേണ്ടായോ? വിദേശത്തുള്ള ഇവരുടെ നൂറുകണക്കിന് പുസ്തകങ്ങൾ കേരളത്തിൽ വിറ്റഴിക്കുന്നുണ്ട്. എന്നിട്ടും അവരുടെ പുസ്കങ്ങൾക്ക് കേരളത്തിലുള്ളവരുടെ പുസ്തകങ്ങളെ പോലെ വേണ്ടുന്ന പരിഗണന ലഭിക്കുന്നില്ല. ഇതു ഭാഷയിൽ നടക്കുന്ന ഒരു രണ്ടാനമ്മ സ്വഭാവമാണ്.

*എന്താണ് ഇങ്ങനെ ഒരവസ്ഥക്ക് കാരണം?* കല പലപ്പോഴും സ്വാർത്ഥ രാഷ്ട്രീയക്കാരുടെ താല്പര്യങ്ങൾക്ക് വഴങ്ങുന്നു. കാരണം അധികാരം അവരുടെ കൈകളിലാണ്. തന്മൂലം രാഷ്ട്രീയം വളരുന്നു. ഭാഷയോ സാഹിത്യമോ വളരുന്നില്ല. വളരാൻ ഈ കൂട്ടർ അനുവദിക്കുന്നില്ല. രാഷ്ട്രീയപാർട്ടികൾ ഓരോ എഴുത്തുകാരനെയും അവാർഡ് കൊടുത്തും അധികാരം കൊടുത്തും സ്വന്തം പാർട്ടിയുടെ സ്തുതിപാഠകരായി മാറ്റുകയാണ്. വിദേശ എഴുത്തുകാർക്ക് ഇതിനുള്ള അവസരമില്ല. അതിനാൽ അവർ ഒറ്റപ്പെടുന്നു. വാഗ്ദാനങ്ങളല്ലാതെ സഹായിക്കാനാരുമില്ല.

*ഈ ഒറ്റപ്പെടുത്തലിനെയും ഒഴിവാക്കലിനെയും എഴുത്തുകാർ എന്തുകൊണ്ട് എതിർക്കുന്നില്ല?* ഈ സാഹിത്യ-സാംസ്കാരിക പൈതൃകത്തിന്റെ തിളക്കമാർന്ന പല എഴുത്തുകാരും രാഷ്ട്രീയ നേതാക്കന്മാരും കേരളത്തിലുണ്ട്. വിദേശത്തുള്ള ദുർബലരായ ഈ പ്രതിഭാദരിദ്രരെ എന്തിന് സഹായിക്കണം അല്ലെങ്കിൽ സംരക്ഷിക്കണം. കേരളത്തിലിരുന്നു ആവശ്യത്തിനുള്ള മാധുര്യം അനുഭവിക്കുമ്പോൾ ഏതു പ്രവാസി? സത്യത്തിൽ ഇവരുടെ മൃദുസമീപനമാണ് വിദേശ മലയാള സാഹിത്യത്തിന്റെ സൗന്ദര്യം കൊടുത്തികൊണ്ടിരിക്കുന്നതും. എന്തായാലും അവരുടെ കാവ്യ മനോഹാരിതകൾക്ക് വിദേശമലയാളി എഴുത്തുകാർ മങ്ങലേൽപ്പിക്കാനൊന്നും ചെല്ലുന്നില്ല. സമീപനത്തിലും ഒരു മാറ്റമുണ്ടാകണം.

# പ്രവാസി എഴുത്തുകാരോട് ചിറ്റമ്മനയമോ?



**ലണ്ടനിൽ താമസിക്കുന്ന പ്രസിദ്ധ മലയാള എഴുത്തുകാരൻ കാരൂർ സോമനുമായി ബിലാത്തി മലയാളിക്കുവേണ്ടി നടത്തിയ അഭിമുഖത്തിൽ നിന്ന്**

*വിദേശ മലയാളികളുടെ നൂറുകണക്കിന് പുസ്തകങ്ങൾ കേരളത്തിൽ വിറ്റഴിയുന്നുണ്ട്. എന്നിട്ടും എന്താണ് ഇവരുടെ പുസ്തകങ്ങൾ കേന്ദ്ര-സംസ്ഥാന അവാർഡുകളിൽ പെടാത്തത്?* വിദേശത്തു കഴിയുന്ന എഴുത്തുകാർക്ക് കേരളത്തിലെ രാഷ്ട്രീയവുമായി വലിയ ബന്ധമൊന്നും ഇല്ലാത്തവരാണ്. മുൻകാലങ്ങളിൽ സാഹിത്യത്തിൽ രാഷ്ട്രീയം കടന്നുവരാൻ അന്നത്തെ പ്രതിഭാസമ്പന്നാരായ എഴുത്തുകാർ അനുവദിച്ചിരുന്നില്ല. അന്ന് സാഹിത്യം അതിന്റെ വിശുദ്ധി കാത്തുസൂക്ഷിച്ചിരുന്നു. ഇന്ന് സാഹിത്യത്തിൽ അശുദ്ധി പടർന്നു പിടിച്ചു. ഇതിനിടയിൽ നട്ടംതിരിയുന്ന എഴുത്തുകാരും സാംസ്കാരിക നായകന്മാരുമുണ്ട്. ഇവർക്ക് ശബ്ദിക്കാനാകുന്നില്ല. കാരണം രാഷ്ട്രീയമെന്ന വാൾ അവരുടെ മുന്നിൽ മിന്നുന്നു. നമ്മുടെ ഭാഷക്കു മാത്രമല്ല സംസ്കാരത്തിനും മൂല്യച്യുതി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതിനിടയിൽ ഞെരുങ്ങുന്നവരാണ് വിദേശ മലയാളി എഴുത്തുകാർ. ഈ രാഷ്ട്രീയ നാടകം കണ്ടുകൊണ്ടിരിക്കാനേ അവർക്ക് കഴിയുന്നുള്ളൂ.

*വിദേശ രചനകൾക്ക് വേണ്ടുന്ന മൂല്യമില്ലെന്നും പറയുന്നുണ്ടല്ലോ?* അതിനെ നിരസ്സിക്കുന്നില്ല. വിദേശമലയാളികളുടെ എല്ലാ രചനകളും അത്തരത്തിലുള്ളതെന്ന് പറയാനാകില്ല. ഇതിൽ ചുരുക്കം നല്ല രചനകളുമുണ്ട്. ആ സൃഷ്ടികൾ മനസ്സിന് അനുഭവവേദ്യമായ ആനന്ദമാണ് നൽകുന്നത്. എല്ലാ രചനകളെയും ഒരേ ത്രാസ്സിൽ തൂക്കുന്നതിനെന്തർത്ഥം? എങ്ങനെയും വിദേശ എഴുത്തുകാരെ ഒഴിവാക്കണമെന്ന ചിന്തയുമായിരിക്കുന്നവർ ഇന്നുവരെ ഏതെങ്കിലും പുസ്തകത്തെ അംഗീകരിച്ചിട്ടുണ്ടോ? സാഹിത്യ സഹകരണസംഘം പോലുള്ള സർക്കാർ പുസ്തകപ്രസാധകരാണ് വിദേശമലയാളി എഴുത്തുകാരുടെ പുസ്തകങ്ങൾ ഇറക്കിയിട്ടുള്ളതെന്ന കാര്യവും മറക്കരുത്. ഇതെല്ലാം കൂട്ടി വായിച്ചാൽ എന്താണ് മനസ്സിലാകുക?

*വിദേശ മലയാളികളിൽ പലരും കാശുകൊടുത്ത് എഴുതിക്കുന്നു എന്നു കേൾക്കുന്നു ഇതിൽ സത്യമുണ്ടോ?* അതിനെ പൂർണ്ണമായി തള്ളിക്കളയാനാകില്ല. വിദേശത്തു കാശും കുറെ ആർഭാടങ്ങളുമൊക്കെയായപ്പോൾ ഒരു പേരും പ്രശസ്തിയും ഈ കൂട്ടരും ആഗ്രഹിക്കുന്നു. അതിനവരെ കൂടുതൽ സഹായിക്കുന്നത് കേരളത്തിലെ ചെറുകിട പ്രസാധകരാണ്. ഇപ്പോൾ ചിലർ സിനിമ കഥകൾക്കായി ലക്ഷങ്ങളുമായി കേരളത്തിൽ നടക്കുന്നു. മുമ്പും ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. സ്വന്തം പേരിൽ ഒരു സിനിമ. അതിന്റെ പേരിൽ പാർട്ടികൾ. ഈ കള്ളനാണയങ്ങളെ ഓർത്ത് ലജ്ജിക്കുന്നു. എന്നാൽ ഈ തുകകൾ പാവങ്ങളുടെ വിശപ്പടക്കാൻ കൊടുക്കുമോ അതുമില്ല. വിഡ്ഢികളുടെ കൂടാരത്തിൽ വീണ്ടു കുടിക്കാൻ പോകുന്നവർ.

*സിനിമ, സീരിയൽ, പുസ്തകം ഇവയുടെ നിലവാരത്തെ എങ്ങനെ കാണുന്നു?* നിലവാരമില്ലാത്ത സിനിമ, സീരിയൽ, പുസ്തകങ്ങൾ ഇന്ന് ധാരാളമായിട്ടുണ്ട്. മുൻകാലങ്ങളിൽ നല്ല നാടകം നോവൽ, കഥകളിൽ നിന്നായിരുന്നു ഉണ്ടായത്. ഇന്ന് നല്ല നോവലുകൾ വായിക്കാൻ ഈ രംഗത്തുള്ളവർക്ക് സമയമില്ല. പലചരക്ക് കടയിലെ സാധനങ്ങൾ പോലെ തിരക്കഥയുണ്ടാക്കി ജനങ്ങളെ രസിപ്പിക്കുന്നു. ആയുസ്സ് മാത്രമില്ല. ഇതിൽ താരമൂല്യമാണ് പ്രധാനം സാഹിത്യമൂല്യമല്ല നല്ല സാഹിത്യകൃതികൾക്കേ നല്ല സിനിമയുണ്ടാക്കാൻ കഴിയൂ. ഇന്ന് ആസ്വദിക്കാനാണ് താല്പര്യം അല്ലാതെ അറിവിനല്ല. തന്മൂലം നല്ല വ്യക്തികളെയോ നല്ലൊരു സമൂഹത്തെയോ വാർത്തെടുക്കാനാകുന്നില്ല. ചുരുക്കത്തിൽ ഇതെല്ലാം കലയുടെ മൂല്യച്യുതിയുടെ ഭാഗമാണ്. മനസ്സിനും ആത്മാവിനും എന്നും ഉണർവ്വും ഉന്മേഷവും ജീവനും പകരുന്നത് വായനയല്ലാതെ മറ്റൊന്നുമല്ല. മലയാളികൾ ഇംഗ്ലീഷുകാരന്റെ വായനാശീലത്തെ കണ്ടുപഠിക്കണം.

*നാടകം, നോവൽ, കഥ, കവിത, ലേഖനം, സഞ്ചാരസാഹിത്യം അങ്ങനെ എല്ലാ രംഗത്തുമുള്ള വ്യക്തിയാണ് താങ്കൾ. ഇതിൽ നോവലിനെ ഏറെ ഇഷ്ടപ്പെടാൻ കാരണം?* നോവൽ ഒരു ആഴക്കടൽ പോലെയാണ് സ്വതന്ത്രമായി സഞ്ചരിക്കാം. നോവൽ എന്ന വാക്കിന്റെ അർത്ഥം പുതുമ നിറഞ്ഞത് എന്നാണ്. ഞാൻ പുതുമ ഏറെ ഇഷ്ടപ്പെടുന്നു. കലയിലും ജീവിതത്തിലും.

*താങ്കൾ, കലയ്ക്കാണോ അതോ കലാകാരനാണോ മുൻതൂക്കം കൊടുക്കുന്നത്?* സാഹിത്യകാരൻ എന്നും സൃഷ്ടികർത്താവാണ്. ആ വിരലുകളിൽ വിരിയുന്നതാണ് കല. നാം വില്യം ഷേക്സ്പിയർ എന്ന സൃഷ്ടികർത്താവിനെ എടുക്കുക. അദ്ദേഹം സൃഷ്ടിച്ച കഥാപാത്രമാണ് ഒഥല്ലോ. നാം കാണുന്നത് ഒരു സ്റ്റേജിൽ അഭിനയിച്ച ഒരാളെയാണ്. വില്യം ഷേക്സ്പിയർ ഒരു സ്റ്റേജിൽ ഒതുങ്ങി നിൽക്കുന്ന ആളല്ല. അദ്ദേഹം സൃഷ്ടികർത്താവാണ്. ഒരു സൃഷ്ടികർത്താവിനോട് നടനെയോ നർത്തകിയേയോ തുലനം ചെയ്യുന്നത് അറിവില്ലായ്മയാണ്. അറിവും അവബോധവുമുള്ള ആരും അത് അംഗീകരിക്കില്ല. ഈ യാഥാർത്ഥ്യത്തിന്റെ സത്യസൗന്ദര്യമറിയാത്ത ദൃശ്യമാധ്യമങ്ങളാണ് നടീ-നടന്മാർ സൃഷ്ടികർത്താക്കളെന്ന് തെറ്റിദ്ധരിപ്പിക്കുന്നത്. മതരാഷ്ട്രീയം ഒരു കച്ചവടമാകുന്നതുപോലെ ഈ കൂട്ടരും വെറും കച്ചവടക്കാരാണ്. രസിപ്പിക്കുക, കാശുണ്ടാക്കുക അത്രതന്നെ.

*വിദേശമലയാളി എഴുത്തുകാർ താങ്കളെ പോലെ പ്രതികരിക്കാത്തത് എന്തുകൊണ്ടാണ്?* സർഗ്ഗപ്രതിഭയുള്ളവർ പ്രതികരിക്കും. അല്ലാത്തവർ എന്ത് പറഞ്ഞാണ് പ്രതികരിക്കേണ്ടത്. അവരുടെയുള്ളിൽ ഭയമുണ്ട്.

*അടുത്ത് പുറത്തുവരാനിരിക്കുന്ന നോവൽ ഏതാണ്?* കഥാനായകൻ എന്ന എന്റെ ആത്മകഥയടങ്ങിയ നോവലാണ് പുറത്തിറങ്ങാനുള്ളത്.